(ബി) എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ;

(സി) കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ജോലി ചെയ്യുന്ന തുന്നൽ ടീച്ചർമാർക്ക് കേരള ഹൈക്കോടതിയിൽ നിന്നും അനുകൂലമായ വിധി ഉണ്ടായിട്ടും, നിയമനം അംഗീകരിച്ച് കൊടുക്കുവാൻ നടപടി സ്വീകരിക്കാൻ താമസിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) കേരള വിദ്യാഭ്യാസ ചട്ടത്തിലെ 23-ാം അദ്ധ്യായത്തിലെ നിബന്ധനകൾക്ക് അനുസരണമായി അനുവദനീയമായ തസ്തികകളിൽ 29-10-2001 വരെ നിയമിച്ചിട്ടുള്ള സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ നിയമനം അംഗീകരിച്ച് നൽകിയിട്ടുണ്ട്.

(സി) കേരള വിദ്യാഭ്യാസ ചട്ടത്തിലെ നിബന്ധനകൾക്കനുസരണമായി, തസ്തികകൾ അനുവദിക്കാൻ പറ്റാത്ത സാഹചര്യത്തിലാണ് നിയമനം അംഗീകരിച്ച് കൊടുക്കാൻ കാലതാമസം നേരിടുന്നത്.

പി. എസ്. സി. റാങ്ക് ലിസ്റ്റിലുള്ള ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർമാരെ നിയമിക്കാൻ നടപടി

100 [5760] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. ലിസ്റ്റ് നിലവിലുള്ളപ്പോൾ ദിവസക്കൂലി/താൽക്കാലി കാടിസ്ഥാനത്തിൽ ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർമാരെ നിയമിക്കുന്നത് തടഞ്ഞു കൊണ്ട് ഹൈക്കോടതി എന്നാണ് ഉത്തരവ് പുറപ്പെടുവിച്ചത്;

(ബി) പ്രസ്തുത ഹൈക്കോടതി ഉത്തരവിൻ പ്രകാരം എത്ര താൽക്കാലിക/ ദിവസക്കൂലി ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർമാരെ തിരുവനന്തപുരം ജില്ലയിൽ പിരിച്ചുവിട്ടിട്ടുണ്ട്;

(സി) പ്രസ്തുത ഹൈക്കോടതി വിധി നടപ്പിലാക്കുവാനും പി. എസ്. സി. റാങ്ക് ലിസ്റ്റിലുള്ളവരെ നിയമിക്കുവാനും എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ദിവസക്കൂലി അടിസ്ഥാനത്തിൽ ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകരെ നിയമിക്കുന്നത് തടഞ്ഞുകൊണ്ടുള്ള ഹൈക്കോടതി വിധി ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) ഹൈക്കോടതി വിധി ലഭിച്ചിട്ടില്ല എങ്കിലും സ്റ്റാഫ് പരിക്സേഷനുശേഷം ഉണ്ടാകുന്ന ഒഴിവുകളിലേക്ക് നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിധേയമായി പി.എസ്. സി. റാങ്ക് ലിസ്റ്റിലുള്ളവരെ നിയമിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly